# പതിമൂന്നാം കേരള നിയമസഭ – ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1777 17/06/13-ൽ മറുപടിക്ക്

## മാതൃകാ മത്സ്യബന്ധനഗ്രാമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ : | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മാതൃകാ മത്സ്യബന്ധന ഗ്രാമങ്ങൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത് ; | (എ) 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം താഴെപ്പറയുന്ന 32 മത്സ്യഗ്രാമങ്ങളിലാണ് മാതൃകാ മത്സ്യഗ്രാമ പദ്ധതി നടപ്പിലാക്കുന്നത്. |

| ക്രമ നം | മത്സ്യഗ്രാമം | ക്രമ നം | മത്സ്യഗ്രാമം |
|---|---|---|---|
| 1 | വലിയതുറ | 17 | കണ്ണമാലി |
| 2 | ചെറിയതുറ | 18 | ചെറിയകടവ് |
| 3. | കൊച്ചുതോപ്പ് | 19 | കൈപ്പമംഗലം |
| 4 | വലിയതോപ്പ് | 20 | പൊയ്യ |
| 5 | പുത്തൻതുറ | 21 | ആനാപ്പുഴ |
| 6 | നീണ്ടകര | 22 | ചീരൻ കടപ്പുറം |
| 7 | വലിയഴീക്കൽ | 23 | ഇടക്കടപ്പുറം |
| 8 | തറയിൽക്കടവ് | 24 | ഓശന്നാക്കടപ്പുറം |
| 9 | കള്ളിക്കാട് | 25 | ഇളരൻ കടപ്പുറം |
| 10 | ആറാട്ടുപുഴ | 26 | പാണ്ടക്കടപ്പുറം |
| 11 | പതിയാങ്കര | 27 | കോർമൻ കടപ്പുറം |
| 12 | തൃക്കുന്നപ്പുഴ | 28 | പുതിയകടപ്പുറം |
| 13 | പല്ലന | 29 | മാറാട് |
| 14 | ചെല്ലാനം | 30 | ബേപ്പൂർ |
| 15 | മാറാവുകാട് | 21 | അഴീക്കോട് |
| 16 | കണ്ടക്കടവ് | 32 | അജാനൂർ |

ഇതുകൂടാതെ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി 2012-13 സാമ്പത്തിക വർഷത്തിൽ പരുത്തിയൂർ, പൂന്തുറ, പുതുക്കുറിച്ചി, വിഴിഞ്ഞം, വെട്ടൂർ, തങ്കശ്ശേരി, ശക്തിക്കുളങ്ങര, പുറക്കാട്, കാട്ടൂർ, പള്ളിത്തോട്, അർത്തുങ്കൽ, കുമ്പളം, ഉദയംപേരൂർ, പള്ളിപ്പുറം, വടക്കേക്കര, എടക്കഴിയൂർ,കടപ്പുറം, വെങ്കിടങ്ങ്, പരവണ്ണ, അരിയല്ലൂർ, കൊയിലാണ്ടി, എലത്തൂർ, ചാലിൽ ഗോപാൽപേട്ട,കോട്ടിക്കുളം,ബംഗര മഞ്ചേശ്വരം എന്നീ 25 മത്സ്യഗ്രാമങ്ങളേയും 2013-14 സാമ്പത്തിക വർഷത്തിൽ വലിയവേളി, അടിമലത്തുറ, തുമ്പ, നീണ്ടകര, മുദാക്കര,ആറാട്ടുപുഴ, പുന്നപ്ര, ഇടവനക്കാട്, മാനശ്ശേരി, ആനാപ്പുഴ, ബ്ലങ്ങാട്, താനൂർ, പരപ്പനങ്ങാടി, അഴിക്കോട്, തയ്യിൽ, ഷിറിയ,വലിയപറമ്പ എന്നീ 17 മത്സ്യഗ്രാമങ്ങളേയും വിവിധ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത ഗ്രാമങ്ങളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത മത്സ്യഗ്രാമങ്ങളിൽ സമഗ്ര അടിസ്ഥാന വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയെന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം,മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽപ്പെടുത്തി ഭവന നിർമ്മാണത്തിനും, സാനിട്ടേഷനുമാണ് പ്രാമുഖ്യം നൽകിയിരിക്കുന്നത്. സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി തെരഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളിൽ കുടിവെള്ള വിതരണം, വൈദ്യുതീകരണം,സാനിട്ടേഷൻ, ലൈബ്രറി സഹായം,ജീവനോപാധി സഹായം എന്നീ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്.

(സി) ഇതിനായി കേന്ദ്രസഹായം ലഭ്യമാണോ; എങ്കിൽ എത്രയാണ്?

(സി) 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം അനുവദിച്ച 160 കോടി രൂപയാണ് മാതൃകാമത്സ്യഗ്രാമ പദ്ധതിയ്ക്കായി വിനിയോഗിക്കുന്നത്.

സെക്ഷൻ ഓഫീസർ